**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 112** **27-07-2021 - ൽ മറുപടിയ്ക്ക്**

**ശബരി റെയിൽപാത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ജെ. ജോസഫ് | | **Shri.V. Abdurahiman**<br>**(കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | ശബരി റെയിൽപാതയുടെ പുരോഗതി വ്യക്തമാക്കാമോ; | (എ) | അങ്കമാലി - ശബരി റെയിൽ പദ്ധതി 1997-98 റെയിൽവേ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയ പദ്ധതിയാണ്. റെയിൽവേ ബോർഡ് നിർദ്ദേശിച്ചതു പ്രകാരം അങ്കമാലി - ശബരി റെയിൽവേ ലൈനിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് പദ്ധതി ചിലവിന്റെ 50 ശതമാനം കേരള സർക്കാർ വഹിക്കുന്നതാണ് എന്ന് സ.ഉ(കൈ) നം. 1/2021/ഗതാഗതം തീയതി 07.01.2021 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. നിലവിൽ പ്രസ്തുത പദ്ധതി റെയിൽവേ ബോർഡ് ഘനീഭവിപ്പിച്ചിരിക്കുന്ന സാഹചര്യത്തിൽ ആയത് പിൻവലിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുന്നതിനു കേന്ദ്ര റെയിൽ മന്ത്രാലയത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| (ബി) | റെയിൽപാത നിർമ്മാണത്തിന്റെ പകുതി ചെലവ് വഹിക്കാമെന്ന് സംസ്ഥാന സർക്കാർ ഉറപ്പുനൽകിയിട്ടുണ്ടോ എന്ന് അറിയിക്കാമോ; | (ബി) | പദ്ധതി ചിലവിന്റെ 50 ശതമാനം കേരള സർക്കാർ വഹിക്കുന്നതാണ് എന്ന് സ.ഉ(കൈ) നം. 1/2021/ ഗതാ തീയതി 07.01.2021 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. |
| (സി) | ഈ ആവശ്യത്തിനുള്ള തുക കിഫ്ബിയിൽ നിന്നും കണ്ടെത്താൻ നടപടി സ്വീകരിക്കുമോ? | (സി) | നിലവിൽ അങ്കമാലി - ശബരി റെയിൽ പദ്ധതി റെയിൽവേ ബോർഡ് ഘനീഭവിപ്പിച്ചിരിക്കുകയാണ്. പ്രസ്തുത നടപടി റെയിൽ മന്ത്രാലയം പിൻവലിക്കുന്ന മുറക്ക് മാത്രമേ പദ്ധതിക്കാവശ്യമായ തുക സ്വരൂപിക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ